## വെളിപ്പാട് പുസ്തക പഠനം – 19

# സഭയുടെ നടുവിൽ നിൽക്കുന്ന ക്രിസ്തു

ഡോ. സി.വി.ആൻഡ്രൂസ്

**‘എന്നോട് സംസാരിച്ച നാദം എന്ത് എന്ന് കാണ്മാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ ഏഴ് പൊൻനിലവിളക്കുകളേയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശ്യനായവനെയും കണ്ടു’’. (അധ്യായം 1. വാക്യം 12,13)**

സാധാരണ നാദം കാണുകയല്ല, കേൾക്കുകയാണ് ചെയ്യുന്നത്. ഇവിടെ അപ്പോസ്തലനായ യോഹന്നാൻ നാദത്തെയും വക്താവിനെയും ഒന്നായി കരുതുന്നു. തന്നോട് സംസാരിച്ചത് ആരാകുന്നു എന്നറിയുവാൻ നോക്കിയെന്നർത്ഥം. അപ്പോൾ ഏഴ് പൊൻനിലവിളക്കുകളും അതിൻ നടുവിൽ മനുഷ്യപുത്രനോട് സദൃശ്യനായവനെയും കണ്ടു. ഏഴ് നിലവിളക്കുകൾ ഏഴ് സഭകളാകുന്നു. (1:20) ഏഴ് സഭകളാകുന്ന ഏഴ് കാലഘട്ടങ്ങളിലും സഭയുടെ നടുവിൽ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട്. സഭകളെക്കുറിച്ചുള്ള ചിന്താഭാരത്താൽ പത്മോസിൽ സമയം തള്ളിനീക്കുമ്പോൾ സഭകളുടെ നടുവിൽ തേജസ്ക്കരിക്കപ്പെട്ട നാഥൻ നടക്കുന്ന കാഴ്ച്ച യോഹന്നാന് ആശ്വാസമായി. ‘‘ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെയുണ്ട്’’ എന്ന് അരുളിച്ചെയ്ത യേശുവിനെ 12 ദിവ്യവിശേഷങ്ങളോടുകൂടെ ഇവിടെ യോഹന്നാൻ കാണുകയാണ്.

താൻ കേട്ട കാഹളത്തിനൊത്ത ശബ്ദം എന്തെന്ന് അറിയുന്നതിന് യോഹന്നാൻ തിരിഞ്ഞു. കർത്താവിന്റെ രണ്ടാം വരവിൽ കാഹളനാദം പുറപ്പെടുവിക്കുന്നതായി 1 തെസ്സലോനിക്യർ 4:16 ൽ കാണുന്നു. മറുരൂപമലയിൽ വച്ച് തേജസ്ക്കരിക്കപ്പെട്ട കർത്താവിനെ യോഹന്നാൻ കണ്ടതാണ്. എന്നാൽ അവിടെ തന്റെ ശരീര വർണ്ണന വിവരിച്ചിട്ടില്ല.

തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതായി ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അനുഭവങ്ങൾ

1. യോഹന്നാൻ തിരിഞ്ഞപ്പോൾ തേജസ്ക്കരിക്കപ്പെട്ട യേശുവിനെ കണ്ടു. (വെളിപ്പാട് 1:12,13)

2. മഗ്ദലക്കാരി മറിയ തിരിഞ്ഞുനോക്കിയപ്പോൾ ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടു (യോഹന്നാൻ 20:4).

3. അബ്രാഹാം തല പൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ആട്ടുകൊറ്റൻ കാട്ടിൽ പിടിപ്പെട്ടു കിടക്കുന്നത് കണ്ടു (ഉല്പത്തി 22:13).

4. ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കിയപ്പോൾ ഉപ്പുതൂണായി തീർന്നു (ഉല്പത്തി 19:26).

ഇവിടെ യോഹന്നാൻ തിരിഞ്ഞു നോക്കിയപ്പോൾ ഏഴ് പൊൻനിലവിളക്കുകൾ കാണുന്നു. ഏഴ് പൊൻനിലവിളക്കുകൾ ഏഴ് സഭകളാകുന്നു എന്ന് കർത്താവ് തന്നെ വ്യാഖ്യാനിച്ചിരിക്കുന്നു. (1:20) പുറപ്പാട് 25:31–40 വരെയുള്ള വാക്യങ്ങളിൽ കാണുന്ന വിളക്ക് (ആറ് ശാഖകൾ ഒരേ തണ്ടിലുള്ള) പോലെയല്ല ഈ വിളക്കുകൾ. ഓരോന്നും അതിന്റേതായ തണ്ടുകളിൽ തന്നെ നിലകൊള്ളുന്നു. സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഇത് വെളിപ്പെടുത്തുന്നു. ഓരോ സഭയ്ക്കും കർത്താവിനോടാണ് ഉത്തരവാദിത്വമുള്ളത്. എന്നാൽ തലയായ ക്രിസ്തുവിലൂടെയുള്ള ബന്ധത്തിൽ സഭകൾ തമ്മിൽ കൂട്ടായ്മയുണ്ട്. ആസ്യയിലെ ഏഴ് സഭകൾ തമ്മിൽ അടുത്തടുത്തായിരുന്നെങ്കിലും ആസ്യയിലെ സഭയെന്നല്ല ഏഴ് സഭകൾ എന്നാണ് വിളിക്കുന്നത്. ക്രിസ്തു മുഖ്യശില്പിയായുള്ള ദൈവസൗധമാണ് സഭ. ഓരോ സഭയും ക്രിസ്തുവിനാൽ നേരിട്ട് നിയന്ത്രിക്കപ്പെടുന്നതായിരിക്കണം. ആസ്യയിലെ സഭകൾക്കുള്ള എഴുത്തുകൾ ഓരോന്നും വ്യക്തിപരമായി ഓരോ സഭയുടെ ദൂതനും എത്തിക്കേണ്ടിയിരുന്നു. വിവിധ സ്ഥലങ്ങളിൽ കർത്താവ് തന്നെ അവയെ പണിയുകയും അവിടുന്ന് തന്നെ നേരിട്ട് അവ ഓരോന്നിന്റെയും നാഥനായിരിക്കുകയും ചെയ്യുന്നു.

നിലവിളക്ക് പ്രകാശം പരത്തുന്നത് പോലെ ദൈവസഭ സത്യപ്രകാശത്തെ ലോകത്തിൽ പ്രകാശിപ്പിക്കണം. (യോഹന്നാൻ 1:4,5, മത്തായി 5:14). സമാഗമന കൂടാരത്തിന്റെ വിശുദ്ധ സ്ഥലത്ത് പ്രകാശം നൽകി വന്നത് കവരവിളക്ക് ആയിരുന്നു. ദൈവീക വിഷയത്തിൽ നിലവിളക്കിനുള്ള പ്രാധാന്യം ആത്മാവിൻ പ്രകാശത്തോടുള്ള ബന്ധത്തിലാണ് കൊടുത്തിരിക്കുന്നത്. സമാഗമനകൂടാരത്തിലെ നിലവിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കണം. (പുറപ്പാട് 27:20) അതിനെ കത്തിക്കുന്നത് അതിൽ ഒഴിക്കുന്ന എണ്ണയാണ്. എണ്ണ പരിശുദ്ധാത്മാവിനെ കാണിക്കുന്നു. ലോകത്തിന് വെളിച്ചം പകരേണ്ടത് സഭയാണ്. അത് പ്രകാശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. അതിന്റെ സാക്ഷ്യം (വെളിച്ചം) ഒരിക്കലും കെടാൻ പാടില്ല. ഒന്നുകൂടെ പറഞ്ഞാൽ പരിശുദ്ധാത്മാവാകുന്ന എണ്ണയാൽ നിറയപ്പെട്ട് ചുറ്റുമുള്ള ഇരുളടഞ്ഞ് കിടക്കുന്ന ദേശത്ത് ലോകത്തിന്റെ വെളിച്ചമായ രക്ഷകനെ കാണിച്ചു കൊടുത്ത് പ്രകാശിപ്പിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. ക്രിസ്തുവിന്റെ അടിസ്ഥാനത്തിന്മേൽ സഭ പണിയപ്പെടുകയും സഭകൾ എപ്പോഴും സ്വാതന്ത്ര്യം ഉള്ള സഭകൾ ആയിരിക്കേണ്ടതുമാണ്. ഏഴ് പൊൻ നിലവിളക്കുകളുടെ നടുവിലാണ് യോഹന്നാൻ യേശുവിനെ കാണുന്നത്.

## യേശു നടുവിൽ

1. യേശു ഏഴ് സഭകളുടെ നടുവിൽ (വെളിപ്പാട് 1: 13)

2. കള്ളന്മാരുടെ നടുവിൽ (യോഹന്നാൻ 19:18)

3. മൂപ്പന്മാരുടെ നടുവിൽ (വെളിപ്പാട് 5:6)

4. കൂടിവരുന്നവരുടെ നടുവിൽ (മത്തായി 18:20)

5. വീഥിയുടെ നടുവിൽ (വെളിപ്പാട് 22: 1)

കർത്താവിന്റെ മരണശേഷം യെഹൂദന്മാരെ ഭയന്ന് ഒരു മുറിക്കുള്ളിൽ ഇരുന്ന ശിഷ്യന്മാരുടെ നടുവിലാണ് കർത്താവ് നിന്നു കൊണ്ട് 'നിങ്ങൾക്ക് സമാധാനം' എന്ന് പറഞ്ഞത്. രണ്ടോ മൂന്നോ പേർ തന്റെ നാമത്തിൽ കൂടിവരുമ്പോൾ

അവരുടെ നടുവിലാണ് താൻ വരുന്നതെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇവിടെ ഏഴ് സഭകളുടെ നടുവിൽ യേശുവിനെ കാണുന്നത് മനുഷ്യപുത്രനോട് സദൃശ്യനായവനെയാണ്. ഉയിർത്തെഴുന്നേറ്റ യേശു പ്രഭാവത്തിൽ വ്യത്യസ്തനായിരുന്നെവെങ്കിലും താൻ എടുത്ത മനുഷ്യത്വം ഒരിക്കലും വിട്ടുകളയുന്നില്ല. മനുഷ്യപുത്രൻ എന്ന പ്രയോഗം സുവിശേഷങ്ങളിൽ ധാരാളം കാണാം. വെളിപ്പാടിൽ രൺടിടത്ത് മാത്രമേയുള്ളൂ. (ഇവിടെയും 14: 14 ലും) യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തത് തന്റെ മനുഷ്യത്വത്തോടു കൂടിയാണ്. (1 തിമൊ. 2:5) ഭൂമിയിലുൺടായിരുന്നപ്പോൾ മനുഷ്യപുത്രനെന്ന നിലയിൽ താനൊരു പ്രവാചകനായിരുന്നു. ഇപ്പോൾ മഹത്വത്തിൽ മനുഷ്യപുത്രനെന്ന നിലയിൽ പുരോഹിതനാണ്. അവൻ വീൺടും വരുമ്പോൾ മനുഷ്യപുത്രനെന്ന നിലയിൽ ഒരു രാജാവായിരിക്കുകയും ചെയ്യും.

കർത്താവായ ശേശുക്രിസ്തുവിന് നാല് അവകാശ പേരുകളുൺട്. 1. അബ്രാഹാമിന്റെ പുത്രൻ, 2. ദാവീദിന്റെ പുത്രൻ, 3. മനുഷ്യപുത്രൻ, 4. ദൈവപുത്രൻ. അബ്രാഹാമിന്റെ പുത്രൻ എന്ന നിലയിൽ യേശു പലസ്തീൻ നാടിന് അവകാശിയാണ്. ദാവീദിന്റെ പുത്രൻ എന്ന നിലയിൽ ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശിയാണ്. മനുഷ്യപുത്രൻ എന്ന നിലയിൽ ആദാമ്യ ഭൂഗോളത്തിന്റെ അവകാശിയാണ്. ദൈവപുത്രൻ എന്ന നിലയിൽ താൻ സ്വർഗ്ഗങ്ങൾക്ക് അവകാശിയാണ്. ഇവിടെ സഭയുടെ നടുവിൽ മനുഷ്യപുത്രൻ എന്ന നിലയിൽ യേശുവിനെ ദർശിക്കുന്നു. കർത്താവ് ഉയിർത്തെഴുന്നേറ്റിട്ടും, ഇപ്പോഴും മനുഷ്യപുത്രനെന്നാണ് പരാമർശിക്കപ്പെടുന്നത്. മനുഷ്യ രൂപമെടുത്ത ദൈവമാണ് യേശു. അതിനാൽ യേശു മനുഷ്യനല്ല. ഒരു മനുഷ്യനോ ദൂതനോ പാപിയായ മനുഷ്യന് വേൺടി പ്രായശ്ചിത്ത മരണം സ്വീകരിപ്പാൻ സാദ്ധ്യമല്ല. അതിനാൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് വേൺടി മനുഷ്യരൂപം എടുത്ത് തന്നെത്താൻ താഴ്ത്തി. പരിശുദ്ധാത്മാവിനാൽ മറിയത്തിൽ ജനിച്ചവനാണ് യേശു. യേശുവിനെയല്ലാതെ വേറെ ആരെയും മനുഷ്യപുത്രനെന്ന് സംബോധന ചെയ്തതായി തിരുവെഴുത്തുകളിലോ ചരിത്ര പുസ്തകങ്ങളിലോ കാണുവാൻ സാദ്ധ്യമല്ല. ദൈവപുത്രൻ മനുഷ്യപുത്രനായത് കൊൺട് മനുഷ്യപുത്രനെന്ന് വിളിക്കപ്പെടുന്നു. യേശു തന്നെത്തന്നെ മനുഷ്യപുത്രനെന്ന് സംബോധന ചെയ്യുന്നതായി തിരുവചനത്തിൽ വിവിധയിടങ്ങിൽ കാണാം. (മത്തായി 20:28, യോഹന്നാൻ 10:1, ദാനിയേൽ 7:13) ഇങ്ങനെ പുതിയ നിയമത്തിൽ 79 പ്രാവശ്യം മനുഷ്യപുത്രനെന്ന് യേശുവിനെ സംബോധന ചെയ്തിരിക്കുന്നതായി കാണുന്നു.

ക്രിസ്തു ഭൂമിയിലേക്ക് വന്നപ്പോൾ അവൻ മനുഷ്യരൂപം എടുത്ത് നമ്മുടെ ഇടയിൽ പാർത്തു. (എബ്രായർ 2:14,17) മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊൺട് അവനും അവരെപ്പോലെ ജഡരക്തങ്ങളോട് കൂടിയവനായി എന്നും....... ആവശ്യമായിരുന്നു എന്നും കാണുന്നു. ലൂക്കോസിന്റെ സുവിശേഷത്തിലാണ് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ചിത്രീകരിച്ചിരിക്കുന്നത്. മത്തായി, യേശുവിനെ രാജാവായിട്ടും മർക്കോസ്, ദാസനായിട്ടും ലൂക്കോസ്, മനുഷ്യപുത്രനായിട്ടും യേശുവിനെ ചിത്രീകരിച്ചു. ലൂക്കോസ് 19:10 ൽ ''കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്'' എന്ന് നാം വായിക്കുന്നു. യോഹന്നാൻ 5:25 ൽ ''മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുന്ന നാഴിക വരുന്നു'' എന്നും യോഹന്നാൻ 5: 27 ൽ ''അവൻ മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്തുവാൻ അധികാരം നൽകിയിരിക്കുന്നു'' എന്നും കാണുന്നു.